(ഡി) പല ജില്ലകളിലും റവന്യൂ അധികാരികൾ കനാലിന്റെ അതിർത്തി തിട്ടപ്പെടുത്തി നിൽക്കുന്നതിൽ വരുത്തിയ കാലതാമസം, കനാലിന്റെ ഇരുകരകളിലും താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിലുണ്ടായ കാലതാമസവും പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് തടസ്സമായി. പന്ത്രണ്ടാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തിയ ജലപാതകളുടെ പ്രവൃത്തികളിൽ അനധികൃത മണൽഖനനം നടക്കുന്നു എന്ന ആരോപണത്താൽ പണികൾ റവന്യൂ മൈനിംഗ് ആന്റ് ജിയോളജി അധികാരികൾ അന്വേഷണത്തിനു വേണ്ടി പലതവണ പണികൾ നിർത്തി വയ്പ്പിച്ചു.

കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

29(*179) ശ്രീ. എം. ജെ. ജേക്കബ് :
ശ്രീ. സി. എം. ദിനേശ് മണി :
ശ്രീ. സാജു പോൾ :
ശ്രീ. എം. കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) കൊച്ചിയിൽ നിന്നും കൂടുതൽ വിമാന സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) വിമാനത്താവളത്തോടനുബന്ധിച്ച് ഹെലികോപ്റ്റർ ഹബ് വികസിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ, എങ്കിൽ വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) :

(എ) കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി വിമാനത്താവളത്തിന്റെ നഗരവശത്ത് ഒരു വിമാനത്താവള നഗരം (Airport City) വികസിപ്പിക്കുവാൻ സിയാൽ ആസൂത്രണം ചെയ്യുന്നുണ്ട്. അവിടെ താഴെപ്പറയുന്ന പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്.

1. നശിക്കാനിടയുള്ള ചരക്ക് സൂക്ഷിക്കുന്ന കേന്ദ്രം
2. വ്യോമയാന അക്കാദമി
3. ഗോൾഫ് കോഴ്സ്
4. വിമാന മെയിന്റനൻസ് ഹാങ്കർ
5. ലോജിസ്റ്റിക് കേന്ദ്രം
6. കൺവെൻഷൻ സെന്റർ
7. പ്രദർശന/വാണിജ്യ ഫെയർ സെന്റർ
8. പഞ്ചനക്ഷത്ര, ബഡ്ജറ്റ് ഹോട്ടലുകൾ
9. ഷോപ്പിംഗ് മാളുകൾ
10. മൾട്ടിഫ്ളക്സുകൾ
11. കുടുംബവിനോദ കേന്ദ്രങ്ങൾ
12. മൾട്ടിസ്പെഷ്യാലിറ്റി ഹോസ്പിറ്റൽ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്.

(സി) ഉണ്ട്, ഹെലികോപ്റ്റർ ഓപ്പറേറ്റർമാരുമായി ചർച്ചകൾ നടന്നു വരുന്നു. ഹെലികോപ്റ്ററുകൾ പാർക്കുചെയ്യുന്നതിനായി എല്ലാ സൗകര്യങ്ങളോടും കൂടിയ പാർക്കിംഗ് ബേയുടെ നിർമ്മാണം ആസൂത്രണം ചെയ്തുവരുന്നു.

ക്ഷീരകർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി

30(*180) ശ്രീ. പി. ജയരാജൻ :
ശ്രീ. പി. കൃഷ്ണപ്രസാദ് :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീരകർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) ക്ഷീരമേഖലയുടെ വളർച്ചയ്ക്കായി ഹേലി കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) ക്ഷീര കർഷക ക്ഷേമനിധിയിൽ എല്ലാ ക്ഷീരകർഷകരെയും അംഗങ്ങളാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ക്ഷേമനിധിയിൽനിന്നും എത്രപേർക്ക് പെൻഷൻ ലഭിക്കുന്നു എന്ന് വെളിപ്പെടുത്തുമോ;

(ഇ) ക്ഷേമനിധിയിൽനിന്നും നൽകുന്ന ഇതര ആനുകൂല്യങ്ങൾ എത്ര പേർക്ക് ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(എഫ്) ക്ഷീരകർഷകർക്ക് സബ്സിഡി നിരക്കിൽ കന്നുകാലി തീറ്റ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) :

(എ) ക്ഷീരകർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ക്ഷീരവികസന വകുപ്പ് വഴിയും മൃഗസംരക്ഷണവകുപ്പ് വഴിയും താഴെ പറയുന്ന വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നു:

മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി (എം.എസ്.ഡി.പി.):

കേരളത്തിലെ കാലിസമ്പത്തിലുണ്ടായ കുറവ് നികത്തുന്നതിനും അതിലൂടെ പാലുൽപ്പാദനത്തിൽ വർദ്ധനവ് ഉണ്ടാക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ടാണ് അയൽ സംസ്ഥാനങ്ങളിൽ നിന്നും കറവപ്പശുക്കളെ വിലുന്നതിനായി കർഷകർക്ക് ധനസഹായം നൽകുന്ന പദ്ധതി ആരംഭിച്ചത്. ഇതിലൂടെ വിവിധങ്ങളായ ആവശ്യങ്ങൾക്ക് ആനുകൂല്യം നൽകി വരുന്നു. 2 പശു, 5 പശു, 10 പശു, 20 പശു എന്ന രീതിയിലുള്ള ഡയറി യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള ധനസഹായം നല്ല ഇനം കറവപ്പശുക്കളെ നമ്മുടെ നാട്ടിൽ വളർത്തിയെടുക്കുന്നതിനുള്ള കിടാരി വളർത്തൽ യൂണിറ്റുകൾ ഫാം ആധുനികരണത്തിനായുള്ള കറവ യന്ത്രം മറ്റ് അവശ്യാധിഷ്ഠിത സഹായങ്ങൾ എന്നിവയ്ക്കെല്ലാം ഈ പദ്ധതിയിലൂടെ ധനസഹായം നൽകി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly